സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാരുടെ പ്രവേശനം

146 [922] ശ്രീ. ജി. കാർത്തികേയൻ :

„ ലൂഡി ലൂയിസ് :

„ പ്രയാർ ഗോപാലകൃഷ്ണൻ :

„ എം. എം. ഹസ്സൻ :

„ എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2003-04 വർഷത്തിൽ സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് ലഭിക്കേണ്ടിയിരുന്ന ആകെ സീറ്റെത്രയെന്ന് വെളിപ്പെടുത്താമോ ;

(ബി) പേയ്മെന്റ് സീറ്റ് എത്ര ; മെരിറ്റ് സീറ്റ് എത്ര എന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത വർഷം ഈ വിഭാഗത്തിൽപ്പെട്ട എത്രപേർക്ക് മെരിറ്റ് സീറ്റിലും പേയ്മെന്റ് സീറ്റിലും സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ അഡ്മിഷൻ കിട്ടിയെന്ന് വ്യക്തമാക്കാമോ ;

(ഡി) പ്രസ്തുത വർഷം ഈ കോളേജുകളിൽ പേയ്മെന്റ് സീറ്റുകളിലും മെരിറ്റ് സീറ്റുകളിലും അഡ്മിഷൻ കിട്ടിയ വിദ്യാർത്ഥികൾ നൽകേണ്ട ഫീസ് എത്ര വീതമായിരുന്നുവെന്ന് വിശദമാക്കാമോ ;

(ഇ) സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ പ്രവേശനം ലഭിക്കുന്ന പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ടവരുടെ വിദ്യാഭ്യാസ ചെലവ് വഹിക്കുന്നതാരാണെന്ന് വിശദീകരിക്കാമോ ;

(എഫ്) സ്വാശ്രയ മെഡിക്കൽ കോളേജുകളിലേക്ക് പ്രസ്തുത വർഷം അഡ്മിഷൻ നൽകിയ ഈ വിഭാഗത്തിൽപ്പെട്ട ബഹുഭൂരിപക്ഷം കുട്ടികളേയും പേയ്മെന്റ് സീറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ കാരണമെന്തെന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ) 2003-04 അദ്ധ്യയന വർഷം മെഡിക്കൽ കോളേജുകളിൽ പട്ടികജാതി/പട്ടികവർഗ്ഗം വിഭാഗങ്ങൾക്ക് ലഭിക്കേണ്ടിയിരുന്ന എം. ബി. ബി. എസ്. സർക്കാർ സീറ്റുകളുടെ എണ്ണം താഴെപറയുന്ന പ്രകാരമാണ്:

പട്ടികജാതി .. 24

പട്ടികവർഗ്ഗം .. 6

(ബി) 2003-04 അദ്ധ്യയന വർഷത്തിൽ ഫ്രീ/പേയ്മെന്റ് സീറ്റുകൾ എന്ന വേർതിരിവ് ഇല്ലായിരുന്നു. സ്വാശ്രയ കോളേജിലെ 50% സീറ്റുകൾ ഗവൺമെന്റ് സീറ്റുകളായും ബാക്കി 50% സീറ്റുകൾ മാനേജ്മെന്റ് സീറ്റുകളായും തരംതിരിച്ചിരുന്നു. മാനേജ്മെന്റ് സീറ്റിൽ മാൻഡേറ്ററി റിസർവേഷൻ ഇല്ലാത്തതിനാൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഗവൺമെന്റ് സീറ്റിലുള്ള 30 സീറ്റുകൾക്കേ അർഹതയുള്ളൂ. മാനേജ്മെന്റ് സീറ്റിലേക്ക് അഡ്മിഷൻ നടത്തുന്നത് അതാത് മാനേജ്മെന്റാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത വർഷം സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ ഗവൺമെന്റ് സീറ്റിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിൽ സംവരണ സീറ്റിലേക്ക് അലോട്ട്മെന്റ് നൽകിയ വിദ്യാർത്ഥികളുടെ എണ്ണം താഴെ കൊടുക്കുന്നു:

പട്ടികജാതി .. 24

പട്ടികവർഗ്ഗം .. 6

മാനേജ്മെന്റ് സീറ്റ് പ്രവേശനം ബന്ധപ്പെട്ട മാനേജ്മെന്റാണ് നടത്തുന്നത്.

(ഡി) പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളെ ഫീസ് അടയ്ക്കുന്നതിൽ നിന്നും ഒഴിവാക്കിയിരുന്നു.

(ഇ) ഇവരുടെ ഫീസും മറ്റാനുകൂല്യങ്ങളും സർക്കാർ തന്നെയാണ് വഹിക്കുന്നത്.

(എഫ്) പ്രവേശന പരീക്ഷാ കമ്മീഷണർ സ്വാശ്രയ കോളേജുകളിലേക്ക് അലോട്ട് ചെയ്ത് സർക്കാർ സീറ്റുകളിലേക്കാണ്. പേയ്മെന്റ് വിഭാഗം സീറ്റുകൾ 2003-04 അദ്ധ്യയന വർഷം നിലവിലില്ലായിരുന്നു. അതിനാൽ പേയ്മെന്റ് സീറ്റിലേക്ക് ഒരു വിദ്യാർത്ഥിയേയും 2003-04-ൽ പ്രവേശിപ്പിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

റഷ്യയിൽ നിന്നും മെഡിക്കൽ ബിരുദം നേടിയവരുടെ സ്ക്രീനിംഗ് ടെസ്റ്റ്

147 [923] ശ്രീ. കെ. ബാബു :

„ പി. ജെ. ജോയി :

„ പി. ടി. തോമസ് :

„ എ. കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് 2001-ന് ശേഷം റഷ്യയിൽനിന്ന് മെഡിക്കൽ ബിരുദം നേടിയ എത്ര കേരളീയരുണ്ട് ;

(ബി) ഇവരിൽ എത്ര പേർ ഇൻഡ്യൻ മെഡിക്കൽ കൗൺസിലിന്റെ സ്ക്രീനിംഗ് ടെസ്റ്റ് പാസ്സായിട്ടുണ്ട് ;

(സി) ഏറ്റവും ഒടുവിൽ സ്ക്രീനിംഗ് ടെസ്റ്റ് നടത്തിയത് എന്നാണ് ; സ്ക്രീനിംഗ് ടെസ്റ്റ് കാലതാമസം കൂടാതെ നടത്താൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 2001-ന് ശേഷം റഷ്യയിൽ നിന്നും ബിരുദം നേടിയ 84 പേർക്ക് സംസ്ഥാന മെഡിക്കൽ കൗൺസിലിൽ നിന്നും രജിസ്ട്രേഷൻ നല്കിയിട്ടുണ്ട്.

(ബി, സി) വിവരം ശേഖരിച്ചുവരുന്നു.